LIBRARY ARCHIVES Kerala Legislative Assembly

കേരള ഭൂപരിഷ്കരണ ഭേദഗതി നിയമം

* 150 (531) ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള:
,, പി. കെ. കുഞ്ഞച്ചൻ:
,, കെ. ചാത്തുണ്ണിമാസ്റ്റർ:
,, ഇ. വി. കുമാരൻ:
,, കെ. പി. രാഘവപൊതുവാൾ:
,, ആർ. കൃഷ്ണൻ (പാലക്കാട്):
,, ഈ. ബാലാനന്ദൻ:
,, ടി. കെ. രാമകൃഷ്ണൻ:
,, കെ. വെ. രാജൻ:
,, എ. വി. കുഞ്ഞാമ്പു:
,, വി. ശ്രീധരൻ:
,, മുസ്തഫാകെമാൽ:
,, എസ്. ഭാസ്കരൻ:
,, സി. ഗോവിന്ദപ്പണിക്കർ:
,, എ. എസ്. എൻ. നമ്പീശൻ:
,, ഇ. കെ. ഇമ്പിച്ചിബാവ:
,, സി. വാസുദേവമേനോൻ:
,, പി. കുഞ്ഞൻ:
,, ടി.കെ.കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കേരള ഭൂപരിഷ്കരണ ഭേദഗതിനിയമം എന്നുമുതൽ നടപ്പാക്കിത്തുടങ്ങി;

(ബി) പ്രസ്തുത നിയമത്തിൽനിന്നും രക്ഷപ്പെടുന്നതിനു വേണ്ടി മിച്ചഭൂമികൾ തോട്ടഭൂമികളാക്കി മാറ്റുന്നുവെന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുടികിടപ്പുകാർക്കു സ്ഥിരാവകാശം നൽകികൊണ്ടുള്ള തീരുമാനം ഭൂനിയമം നടപ്പിലാക്കുന്ന തീയതിമുതൽ രണ്ടുമാസത്തിനകം കൈക്കൊള്ളുമെന്ന് ബഹുമാനപ്പെട്ട റവന്യൂമന്ത്രി പ്രസ്താവിക്കുകയുണ്ടായോ?

റവന്യൂമന്ത്രി (ശ്രീ. കെ. ടി. ജേക്കബ്):

(എ) 1—1—1970 മുതൽ

(ബി) അങ്ങനെ ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) അങ്ങനെയൊന്നും പ്രസ്താവിച്ചിട്ടില്ല.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ചില പരാതികൾ ലഭിച്ചു എന്നു പറഞ്ഞു. അതിന്റെ മേൽ ഗവൺമെന്റ് എന്തു നടപടിയാണ് എടുത്തതെന്നറിയാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. ടി. ജേക്കബ്: ഇപ്പോൾ ഭൂപരിധിയിൽനിന്നും ഒഴിവാക്കുന്നതിനുള്ള പല കൃത്രിമ മാർഗ്ഗങ്ങളും വളരെ മുൻപുമുതൽ തന്നെ പരിധിക്കപ്പുറം ഭൂമിയുള്ളവർ ചെയ്തുകൊണ്ടിരുന്നു. ഇപ്പോൾ അവർ ചെയ്തുന്നതു മിച്ചഭൂമിയുണ്ടെന്നു കാണുന്ന സ്ഥലങ്ങളിൽ എല്ലാം റബർ കൃഷി ചെയ്യുന്നതിനുള്ള കുഴികളെടുക്കുക, റബർവയ്ക്കുക ഇങ്ങനെയുള്ള കാര്യങ്ങളാണ്. ഇതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് ഇന്നു നിലവി

ലുള്ള നിയമം അനുസരിച്ച് ഗവൺമെൻറിന് ചെയ്യാൻ കഴിയുന്നത്, അവരെയെല്ലാം വിളിച്ചു സംസാരിക്കുക, അങ്ങനെ ചെയ്യാൻ പാടില്ലെന്നാവശ്യപ്പെടുക ഇതാണ്. ഈ നടപടികളും ചെയ്യുകയെന്നുള്ളതിൽകവിഞ്ഞ് നിയമപരമായി മറ്റു കൂടുതൽ കാര്യങ്ങളും ഒന്നും ചെയ്യാൻ സാധ്യമല്ല. അവർ അങ്ങനെ ചെയ്യരുതെന്ന് നിർബന്ധിക്കാൻ ആ സ്ഥലങ്ങളിലുള്ള ബഹുജനങ്ങളോടാവശ്യപ്പെടുക, അങ്ങനെ പൊതുജനാഭിപ്രായം ഉണ്ടാക്കുക ഇങ്ങനെയുള്ള നടപടികളാണുള്ളത്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ഈ ഭൂനിയമം അനുസരിച്ച് പത്തുസെൻറു ഭൂമി വളച്ചുകെട്ടിയ കർഷകത്തൊഴിലാളികളെയും കുടികിടപ്പുകാരെയും പോലീസിനെ വിട്ടു കഠിനമായി മർദ്ദിക്കുകയും അതേസമയം ഭൂമി ഇല്ലാതാക്കാൻ വേണ്ടി പരിശ്രമിക്കുന്ന ജൻമിമാരെയും മുതലാളിമാരെയും യാതൊന്നും ചെയ്യാൻ നിവൃത്തിയില്ലെന്നു പറഞ്ഞു കൈമലർത്തിക്കാണിക്കുകയും ചെയ്യുന്ന ഈ ഗവൺമെൻറിൻെറ നയം ഈ രാജ്യത്തെ സ്വകാര്യസ്വത്തുടമകളെ സഹായിക്കുന്ന രീതിയിലുള്ളതല്ലേ?

ശ്രീ. കെ. ടി. ജേക്കബ്: ഇതിനെപ്പറ്റി ബഹുമാനപ്പെട്ട മെമ്പർക്കുള്ളതുപോലെ യാതൊരു പരിഭവവും ഈ ഗവൺമെൻറിനില്ല. കാരണം എന്താണെന്നു വച്ചാൽ കൈമാറ്റങ്ങളൊന്നും സാധ്യമല്ലെന്നു നിയമത്തിൽ പറഞ്ഞിട്ടുണ്ട്, കൈമാറ്റം തടയാൻ നടപടികളെടുത്തിട്ടുണ്ട്. മൂന്നുമാസത്തിനുള്ളിൽ സ്റേറ്റുമെൻറു നൽകണമെന്നുള്ളതാണ്. അവർ അതു നൽകികഴിഞ്ഞാൽ ഒരിഞ്ചു ഭൂമിപോലും കൈമാറ്റം ചെയ്യാനോ മറ്റുമാർഗ്ഗങ്ങളും മുഖേന രക്ഷപ്പെടാനോ സാധ്യമല്ല. അങ്ങനെ ചെയ്യുകയാണെങ്കിൽ ഞാൻ നേരത്തേ പറഞ്ഞിട്ടുള്ളതുപോലെ അവരുടെ ചോറു പൂജപ്പുര സെൻട്രൽ ജെയിലിലായിരിക്കും. അതു തീർച്ചയായും ഈ ഗവൺമെൻറു ചെയ്യും. ബഹുമാനപ്പെട്ട മെമ്പറുടെ ആരോപണം ഞാൻ നിഷേധിക്കുന്നു. യാതൊരു മൂവുടമയും കൈമാറ്റം ചെയ്യാൻ ഈ ഗവൺമെൻറു സമ്മതിക്കുകയില്ല. അങ്ങനെയുള്ള സ്ഥലത്ത് കർശനമായ നടപടികളെടുത്തിട്ടുണ്ട്. ഇനിയും എടുക്കുകയും ചെയ്യും.

ശ്രീ. കെ. പി. രാജൻ: ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി മിച്ചഭൂമി കൈയേറുന്നതിനെതിരായി ശക്തിയായ നടപടിയെടുക്കുമെന്ന്. അങ്ങനെയാണെങ്കിൽ മലയാളം പ്ലാൻേറഷൻസ് തോട്ടം ഉടമ ഒരേക്കറിനു രണ്ടായിരവും മൂവായിരവും രൂപ വച്ചു വിറ്റുകൊണ്ടിരിക്കുകയാണ്. അതു വാങ്ങുന്നയാളുകളും അതു തോട്ടമായി മാറ്റുകയാണ്. അതുപോലെതന്നെ ട്രാവൻകൂർ ടീ എസ്റേറ്റുകമ്പനി തുടങ്ങിയ മറ്റു പല കമ്പനികളിലും എല്ലാം ഒന്നുകിൽ മിച്ചഭൂമി വിലയ്ക്കു വിൽക്കുന്നു അല്ലെങ്കിൽ അവർതന്നെ കാപ്പി തേയില, എന്നിവ വച്ചു പ്ലാൻേറഷനായി മാറ്റുന്നു. അതിനെതിരായി ഈ ഗവൺമെൻറ് നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു ഗവൺമെൻറിനു പരാതി അയച്ചതിനു പുറമേ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന തോട്ടം ഉടമയ്ക്കു നേരെ ശബ്ദമുയർത്തുന്ന കർഷകസംഘം പ്രവർത്തകരെ ഏലപ്പാറ, വണ്ടിപ്പെരിയാർ എന്നീസ്ഥലങ്ങളിൽ തോട്ടം ഉടമയുടെ ആവശ്യപ്രകാരം പോലീസ് അവരെ മർദ്ദിക്കുകയും മറ്റും ചെയ്തത് അവരെ ഈ ഗവൺമെൻറു സഹായിക്കുകയല്ലേ; അങ്ങനെ വിശ്വസിക്കുന്നതിൽ തെറ്റുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഭൂപരിഷ്കരണ ഭേദഗതിനിയമത്തിൻെറ പരിധിയിൽ വരുന്നതല്ല. ഇത് അനധികൃതമായി ഭൂമി കൈവശം വയ്ക്കുന്നതിൻെറ പ്രശ്നമാണ്. ഈ ഗവൺ

LIBRARY ARCHIVES Kerala Legislative Assembly

മെൻറു അനധികൃതമായി കൈയേറ്റത്തെ വളരെ ശക്തിയായി അതിനെതിരായി നടപടിയെടുത്തുകൊണ്ടിരിക്കുകയാണ്. ഇതിനകം പലതും ചെയ്തുകഴിഞ്ഞു. ലാൻഡ് കൺസർവൻസി ആക്ടു അനുസരിച്ചു നോട്ടീസു നൽകികഴിഞ്ഞു. ഒരു സ്പെഷ്യൽ സ്റ്റാഫ് ശ്രീ. അനന്തകൃഷ്ണൻറെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. പിന്നെ പോലീസിനെ അയച്ചു എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ എന്നറിയുകയില്ല. കൈയേറ്റം ഉള്ളതുകൊണ്ടായിരിക്കും പോലീസു ഇടപെട്ടിട്ടുള്ളത്. അല്ലാതെ നിയമപരമായുള്ള നടപടി അനുസരിച്ചു പോലീസു ഇടപെട്ടിട്ടില്ല.

ശ്രീ. കെ. ഐ. രാജൻ: വേസ്റ്റു ലാൻഡ് ഈ നിയമത്തിൻറെ പരിധിയിൽ വരുന്നില്ലെന്നാണോ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്?

ശ്രീ. കെ. ടി. ജേക്കബ്: അതു അനധികൃതമായ കൈയേറ്റമാണ് തോട്ടങ്ങളും ഈ ആക്ടിൻറെ പരിധിയിൽ വരുന്നില്ല. മിച്ച ഭൂമിയുടെ കാര്യത്തിൽ അവരുടെ ഭൂമി അളന്ന് എന്തുമാത്രം ഭൂമിയുണ്ടെന്നു തിട്ടപ്പെടുത്താതെ ഒന്നും ചെയ്യാൻ നിവൃത്തിയില്ല.

ശ്രീ. എസ്. ദാമോദരൻ: കേരളാ ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയ അന്നുമുതൽ ഈ സംസ്ഥാനത്തു കുടികിടപ്പുകാരുടെ അവകാശങ്ങളും സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടു സംസ്ഥാനത്താകെ എത്ര കേസ്സുകളും കുടികിടപ്പുകാരുടെ പേരിൽ എടുത്തിട്ടുണ്ടെന്നും കുടികിടപ്പുകാരെ ആ ശ്രമത്തിൽനിന്നും പിന്തിരിപ്പിക്കുവാൻ ഈ സംസ്ഥാനത്ത് എത്ര പോലീസു ക്യാമ്പുകളും തുറന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ശ്രീ. കെ. ടി. ജേക്കബ്: എന്തുമാത്രം കേസ്സുകളുണ്ടെന്നും മറ്റുമുള്ള കാര്യങ്ങളെപ്പറ്റി ഇപ്പോഴും വിവരമില്ല. പോലീസു കുടികിടപ്പുകാരെ ഉപദ്രവിക്കാൻവേണ്ടി ഒരു സ്ഥലത്തും ഇടപെട്ടിട്ടുള്ളതായി യാതൊരറിവും ഈ ഗവൺമെൻറിനില്ല. കുടികിടപ്പുകാരുടെ പേരിൽ യാതൊരു കാരണവശാലും പോലീസ് ഇടപെടരുതെന്നും അവരെ ഉപദ്രവിക്കുന്ന നിലയിൽ ഇടപെടരുതെന്നുമുള്ള നിലപാടാണ് ഗവൺമെൻറു എടുത്തിട്ടുള്ളത്.

ശ്രീ. എസ്. ദാമോദരൻ: ഗവൺമെൻറു നിർദ്ദേശത്തിനെതിരായി എവിടെയെങ്കിലും പോലീസു കുടികിടപ്പുകാരുടെ പ്രശ്നത്തിൽ ഇടപെട്ടിട്ടുണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. ടി. ജേക്കബ്: കുടികിടപ്പുകാർ ആണെങ്കിൽപോലും അവർ എത്ര ആനുകൂല്യം ആർജ്ജിക്കുന്നുണ്ടെങ്കിലും അവർ എവിടെയെങ്കിലും ആരുടെയെങ്കിലും നേർക്ക് കൈയേറ്റത്തിനു പുറപ്പെട്ടിട്ടുണ്ടെങ്കിൽ നിയമപരമായ കാരണങ്ങളാൽ ഒരു പക്ഷേ പോലീസു കേസ് രജിസ്റ്റർ ചെയ്യുകയോ എന്തെങ്കിലും ചെയ്തിട്ടുണ്ടാകും.

ശ്രീ. മുസ്തഫാകെമാൽ: സ്ഥിരാവകാശം രണ്ടുമാസത്തിനകം നൽകുമെന്നു പ്രസ്താവന ചെയ്തിട്ടില്ലെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്നാൽ ജനയുഗം തുടങ്ങിയ എല്ലാ പത്രങ്ങളിലും അങ്ങനെയുള്ള മന്ത്രിയുടെ പ്രസംഗം റിപ്പോർട്ടു ചെയ്തിട്ടുണ്ട്. അതു ശരിയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: സ്ഥിരാവകാശത്തിൻറെ പ്രശ്നം പറയാൻ ഞാൻ അത്ര വിഡ്ഢിയല്ല. മെമ്പർ മനസ്സിലാക്കേണ്ടത് ഉടമസ്ഥാ

LIBRARY ARCHIVES Kerala Legislative Assembly

വകാശത്തെപ്പറ്റിയാണ്. ഉടമസ്ഥാവകാശത്തെപ്പറ്റിയാണ് ചർച്ചാവിഷയമായിട്ടുള്ളത്.

ശ്രീ. മുസ്തഫാകെമാൽ: സർ, ഇന്നലെ ആലുവാ ശിവരാത്രിമണൽപ്പുറത്തു വച്ചു നടന്ന പട്ടയവിതരണ മഹോൽസവത്തിനായി വില്ലേജ് ഉദ്യോഗസ്ഥൻമാർ പട്ടയക്കാരിൽനിന്നും അഞ്ചുരൂപാവീതം പിരിച്ചിരുന്നുവെന്ന് ഒരു പരാതിയുള്ളത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ പരാതിയെസംബന്ധിച്ച് വേണ്ട അന്വേഷണം നടത്തി നടപടി കൈക്കൊള്ളാൻ ഗവൺമെൻറു തയ്യാറാകുമോ?

ശ്രീ. കെ. ടി. ജേക്കബ്: അങ്ങനെയൊന്നും ശ്രദ്ധയിൽപ്പെട്ടില്ലെന്നു മാത്രമല്ല അവർ വളരെ ആത്മാർത്ഥമായി പ്രവർത്തിക്കുകയുമായിരുന്നു. അതിൻെറ ഫലമായിട്ടാണ് 25,000 ആളുകൾക്ക് ആലുവാ ശിവരാത്രിമണൽപ്പുറത്തുവച്ചു ഉടമസ്ഥാവകാശം കൊടുത്തിട്ടുള്ളതെന്നാണ് ഗവൺമെൻറു മനസ്സിലാക്കിയിട്ടുള്ളത്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഈ അവകാശം കൈമാറികൊടുക്കുന്നു എന്നാണു പറഞ്ഞിട്ടുള്ളത്. പട്ട, പട്ട എന്നു പറയുന്നതു മനസ്സിലാകുന്നില്ല. സ്വത്തിൻെറ അവകാശകൈമാറ്റമെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ഭൂപരിഷ്ക്കരണ നിയമപ്രകാരമുള്ള പട്ടയമാണോ കൊടുത്തിട്ടുള്ളത്; അവകാശമില്ലാത്ത പട്ടയാണോ കൊടുത്തിട്ടുള്ളത്?

ശ്രീ. കെ. ടി. ജേക്കബ്: ബഹുമാനപ്പെട്ട ഇമ്പിച്ചിബാവയ്ക്കു പട്ട എന്നു പറയുന്നതു മനസ്സിലാകുകയില്ലെന്നു പറഞ്ഞാൽ ഞാൻ അതു സമ്മതിക്കുകയില്ല. പട്ടയം എന്നാണ് അതിൻെറ പേര്. അതു മനസ്സിലാകുകയില്ലെന്നു പറഞ്ഞാൽ.....അതിനെപ്പറ്റി അത്രയേ പറയാനുള്ളു.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: കുടികിടപ്പുകാർക്ക് അവകാശം കൈമാറിക്കൊടുക്കുന്ന ട്രാൻസ്ഫർ ആഫ് രജിസ്ട്രി 1–1–70 നുശേഷം ആലുവായിൽ വച്ചുകൊടുത്തതടക്കം എത്രപേർക്കു കൊടുത്തിട്ടുണ്ടെന്നു പറയാൻ തയ്യാറാകുമോ?

ശ്രീ. കെ. ടി. ജേക്കബ്: ട്രാൻസ്ഫർ ആഫ് രജിസ്ട്രിയുടെ ഔദ്യോഗികമായ ഒരു കണക്ക് ഇപ്പോഴും കിട്ടിയിട്ടില്ല. ആലുവായിൽവച്ചാണ് മൊത്തത്തിൽ ഇത്രയും ആളുകൾക്ക് കൊടുത്തത്. അതല്ലാതെ സ്പെഷ്യൽ ഓഫീസറിൻെറ പല ഭാഗങ്ങളിലായി കുറേശകുറേശയായി വളരെകൂടുതൽ കൊടുത്തിട്ടുണ്ട്. അങ്ങനെ ആകെ എത്രയുണ്ടെന്നു കണക്കാക്കിയിട്ടില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ആലുവായിൽവച്ച് 25,000 പേർക്ക് മൊത്തമായി കൊടുത്തുവെന്നു പറഞ്ഞു. അവിടെ കൃത്യമായി എത്രപേർക്ക് ട്രാൻസ്ഫർ സർട്ടിഫിക്കറ്റുകൊടുത്തുവെന്നു പറയാമോ?

ശ്രീ. കെ. ടി. ജേക്കബ്: 25000 കുടികിടപ്പുകാരുടെ ഉടമസ്ഥാവകാശം ട്രാൻസ്ഫർചെയ്യുന്ന പ്രക്രിയയാണ് ഇന്നലെ ആലുവായിൽവച്ചു നടന്നത്.

ശ്രീമതി കെ. ആർ. ഗൗരി: 25,000 ട്രാൻസ്ഫർ ആഫ് രജിസ്ട്രിയെന്നു പറഞ്ഞു. ആലുവാമണൽപ്പുറത്തുവച്ച് 25,000 പേർക്കു കൊടുത്തുവെന്നാണ് പറഞ്ഞത്. കുടികിടപ്പുകാർക്ക് എത്രപേർക്കു കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പുറംപോക്കു ഭൂമി കൊടുത്തതല്ല. അങ്ങനെ എത്രപേർക്ക് ട്രാൻസ്ഫർ ആഫ് രജിസ്ട്രി കൊടുത്തുവെന്നു പറയാമോ?

ശ്രീ. കെ. ടി. ജേക്കബ്: 25,000 എന്നു ഞാൻ പറഞ്ഞത് അതുതന്നെയാണ്.

മി. സ്പീക്കർ: സ്റ്റേറ്റിൽ ആകെ കൊടുത്തതാണോ?

ശ്രീമതി കെ. ആർ. ഗൗരി: ആലുവാ മണൽപ്പുറത്തുവച്ച് 25,000 പേർക്കു കൊടുത്തുവെന്നാണ് പറഞ്ഞത്. കാർഷികപരിഷ്ക്കരണനിയമത്തിന്റെ 72–ാം വകുപ്പ് നോട്ടിഫൈചെയ്തുകൊണ്ടുമാത്രം ഇത് 6 മാസത്തിനകം നടപ്പിലാക്കാൻ പറ്റുകയില്ലെന്നു ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: അങ്ങനെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇങ്ങനെ പല പ്രശ്നങ്ങളുമുണ്ടായെന്നു വരാം. പ്രശ്നങ്ങളുണ്ടാകുമ്പോൾ അതിനെപ്പറ്റി ആലോചിക്കുന്നതാണ്.

ശ്രീമതി. കെ. ആർ. ഗൗരി: 72–ാം വകുപ്പിന്റെ സബ്ക്ലാസ് (1) മാത്രം നടപ്പാക്കാൻ പ്രൊവിഷൻ ഇരിക്കെ, പട്ടാളക്കാരുടെയും മൈനറുകളുടെയും വസ്തുവിന്റെ ഉടമസ്ഥാവകാശം ആറുമാസം കഴിഞ്ഞേ ഗവൺമെന്റിൽ നിക്ഷിപ്തമാകുകയുള്ളുവെന്നു വ്യവസ്ഥ നിയമത്തിൽ ഇരിക്കെ അതെല്ലാം ഗവൺമെന്റിൽ നിക്ഷിപ്തമാക്കുന്ന നോട്ടിഫിക്കേഷൻ നടപ്പിൽ വന്നതുകൊണ്ട് ആറുമാസം കഴിയാതെ അതു നടപ്പിലാക്കാൻ ഒക്കുകയില്ലെന്ന വിവരം ഗവൺമെന്റു പഠിച്ചിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: അങ്ങനെ നിയമതടസ്സങ്ങളുള്ളതായിട്ട് ഗവൺമെന്റിന് ഇതുവരെ തോന്നിയിട്ടില്ല. ഒന്നിച്ചു നോട്ടിഫൈ ചെയ്യാൻ കാരണം ഈ നാട്ടിലെ കൃഷിക്കാരുടെയും കുടിയാൻമാരുടെയും താൽപ്പര്യത്തിൽ ഈ ഗവൺമെന്റിന് ആഗ്രഹമുള്ളതുകൊണ്ടാണ്. നിയമത്തിന്റെ തലനാരിഴകീറി നടത്തുന്ന വ്യാഖ്യാനങ്ങളൊന്നും നിയമം നടപ്പിലാക്കുന്ന കാര്യത്തിൽ തടസ്സമായിനിൽക്കുമെന്ന് ഗവൺമെന്റു വിശ്വസിക്കുന്നില്ല. അവകാശം സ്ഥാപിച്ചുകിട്ടുന്നതിനുള്ള നടപടികളാണ് ഗവൺമെന്റിന്റെ ഉദ്ദേശം. നിയമത്തിന്റെ സാങ്കേതിക തടസ്സവാദങ്ങളും ഒരു പിശാചിനെപ്പോലെ പറഞ്ഞുനടക്കുന്നവരുണ്ട്. അതൊന്നും ഇതിനെ ബാധിക്കുകയില്ല.

ശ്രീമതി. കെ. ആർ. ഗൗരി: നിയമത്തിലെ വ്യവസ്ഥകൾക്കു വിപരീതമായി റൂൾ പ്രസിദ്ധീകരിച്ചാൽ ആ റൂൾ പ്രകാരം ഈ നിയമം നടപ്പാക്കാൻ സാധിക്കുമെന്നാണോ ഈ ഗവൺമെന്റിന്റെ വിശ്വാസം?

ശ്രീ. കെ. ടി. ജേക്കബ്: നിയമത്തിനെതിരല്ല റൂളെന്നാണ് ഗവൺമെന്റിന്റെ വിശ്വാസം. ലാ ഡിപ്പാർട്ടുമെന്റുമായും മറ്റു അധികാരികളുമായും ഇതിന്റെ എല്ലാ വശങ്ങളെപ്പറ്റിയും ചർച്ചചെയ്തതിനു ശേഷമാണ് റൂൾ ഉണ്ടാക്കിയിട്ടുള്ളത്.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: ഇന്നലെ ആലുവാമണൽപ്പുറത്തുവച്ചു എറണാകുളംജില്ലയിലെ 25,000 കുടികിടപ്പുകാർക്കല്ലേ പട്ടയം കൊടുത്തത്. ഈ നിലയിൽ ജൻമിമാരും കുടികിടപ്പുകാരും തമ്മിൽ ഉഭയസമ്മത പ്രകാരം പട്ടയം കൊടുക്കുന്ന ഏർപ്പാട് മറ്റെല്ലാ സ്ഥലങ്ങളിലും നടപ്പിലാക്കാൻ ശ്രമിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജേക്കബ്: തീർച്ചയായും. അടുത്തതായിട്ട് തൃശൂർ ജില്ലാ, കോട്ടയം ജില്ലാ, കൊല്ലം ജില്ലാ, തിരുവനന്തപുരം ജില്ലാ അങ്ങനെ എല്ലാ ജില്ലകളിലുംകൂടി വരുന്ന ഏപ്രിൽ–മേയ് മാസത്തിനകം ഒരു ലക്ഷത്തോളംപേർക്ക് പട്ടയം കിട്ടത്തക്കനിലയിലുള്ള പരിപാടികളും ആസൂത്രണം ചെയ്തു ദൃതഗതിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ജി. നീലകണ്ഠൻനമ്പൂതിരിപ്പാട്: ഇപ്പോഴും ഈ ഗവൺമെൻറു നൽകിവരുന്ന സ്ഥിരംപട്ടയം അവർക്കു സ്ഥിരാവകാശം കിട്ടത്തക്കവണ്ണമാകണമെന്നുണ്ടെങ്കിൽ അതു സനാതനവും ശാശ്വതവും ആകണമെങ്കിൽ ഓരോ സർവ്വേകല്ലുകൂടി കൊടുക്കേണ്ടതുണ്ടെന്ന് അഭിപ്രായമുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: സാങ്കേതികമായ ഈ നടപടികളും, ഈ കല്ലും കല്ലിൻമേൽകല്ലും എല്ലാം ചുമന്നുകൊണ്ടുനടക്കുകയെന്നുള്ളതല്ല ഈ ഗവൺമെൻറിൻറെ ഉദ്ദേശം. ഗവൺമെൻറ് നയമാണ് ആവിഷ്കരിക്കുന്നത്. ഉടമസ്ഥാവകാശങ്ങളും അധ്വാനിക്കുന്ന കൃഷിക്കാർക്ക് കൊടുക്കുക. അതാണ് ഈ ഗവൺമെൻറ് ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള: ആലുവായിൽ പട്ടയം കൊടുക്കുന്ന നടപടിയെടുത്തുവെന്നു പറഞ്ഞു. ഇത്തരം നടപടികളും മുന്നോട്ടു കൊണ്ടുപോകുമ്പോൾ ഉദ്യോഗസ്ഥൻമാരുടെയും ഗവൺമെൻറിൻറെയും നടപടികളെ തടസ്സപ്പെടുത്തുമ്പോൾ അതിനെതിരായി ഏതെങ്കിലും രാഷ്ട്രീയപാർട്ടി പ്രവർത്തിച്ചിട്ടുണ്ടോ? ഏതെങ്കിലും പ്രസ്ഥാനം അതിനെതിരായി പ്രവർത്തിച്ചിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: ഗവൺമെൻറിൻറെ അറിവിൽപ്പെട്ടിടത്തോളം രണ്ടുപാർട്ടികളാണ് അങ്ങനെ ചെയ്തിട്ടുള്ളത്. ഒന്ന് മാർക്സിസ്റ്റുപാർട്ടി, മറെറാന്ന് സ്വതന്ത്രാപാർട്ടി.

ശ്രീ. ഇ. ജോൺജേക്കബ്: ഈ ഭൂ പരിഷ്കരണ നിയമത്തിന് അതീതമായിട്ട് ഭൂ ഉടമസ്ഥൻമാരും കുടികിടപ്പുകാരും തമ്മിൽ അതിൻറെ ആശയം മനസ്സിലാക്കിയിട്ട് നിയമത്തിൻറെ നൂലാമാലകളും ഒന്നും കണക്കിലെടുക്കാതെ അതു നടപ്പിലാക്കാൻ മുന്നോട്ടുവന്നതിൻറെ ഫലമായിട്ടല്ലേ ആലുവാമണൽപ്പുറത്ത് ഈ പറഞ്ഞ പട്ടയവിതരണം നടന്നത്?

ശ്രീ. കെ. ടി. ജേക്കബ്: തീർച്ചയായിട്ടും. നമ്മുടെ രാജ്യത്തെ ജൻമിമാരും ഭൂ ഉടമകളും കുടികിടപ്പുകാർക്ക് അവകാശപ്പെട്ട സ്ഥലം കൊടുക്കുന്ന കാര്യത്തിൽ വളരെ വിപുലമായ താൽപ്പര്യം കാണിക്കുന്നുണ്ട്. അതിൻറെ അടിസ്ഥാനത്തിലാണ് ഉഭയസമ്മതപ്രകാരമുള്ള നടപടികളും സ്വീകരിക്കാൻ കഴിയുന്നത്. ചില ജൻമിമാർ അതിനും തടസ്സമായി നിൽക്കുന്നുണ്ട്. അവരും ഇതു കൊടുക്കുന്ന കാര്യത്തിൽ മുന്നോട്ടു വരുമെന്നുതന്നെയാണ് ഗവൺമെൻറ് വിശ്വസിക്കുന്നത്.

ശ്രീ. എം. എം. തോമസ്: മിച്ചഭൂമി കൈവശമുള്ള ആളുകളും നിയമത്തെ മറികടക്കുന്നതിനുവേണ്ടി റബർതോട്ടമാക്കി മാറുന്നുവെന്ന പരാതി ഉണ്ടായിട്ടുണ്ട്. അതു തടയാൻ വേണ്ടി ഇതിൻറെ രജിസ്ട്രേഷൻ തടയാൻ റബർ ബോർഡിന് ഗവൺമെൻറ് വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: ഉണ്ട്. അങ്ങനെ യാതൊരു രജിസ്ട്രേഷനും നടത്തിക്കൊടുക്കരുതെന്നു നിർദ്ദേശം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജോർജ്ജ്: ഇന്ന് ഈ ഉഭയസമ്മതപ്രകാരം കൊടുക്കുന്ന പട്ടയത്തിന്റെ നഷ്ടപരിഹാരത്തുക നിയമപ്രകാരം തീരുമാനിച്ചുകൊള്ളട്ടെ എന്നാണ് കരുതിയിട്ടുള്ളത്. ഒരു പക്ഷേ ഹൈക്കോടതി ഈ നഷ്ടപരിഹാരത്തുക കൂടുതൽകൊടുക്കണമെന്നു പറയുകയാണെങ്കിൽ ഇന്ന് കൊടുത്തിട്ടുള്ള ഈ ഭൂ ഉടമകളെ സംബന്ധിച്ചിടത്തോളം കോടതി നിർദ്ദേശപ്രകാരമുള്ള നഷ്ടപരിഹാരം കൊടുക്കാൻ തയ്യാറുാകുമോ?

ശ്രീ. കെ. ടി. ജേക്കബ്: ഹൈക്കോടതിയുടെ ഉത്തരവ് അനുസരിക്കാൻ ഈ ഗവൺമെൻറ് ബാധ്യസ്തമാണ്. കൂടുതൽ നിർദ്ദേശിക്കുകയാണെങ്കിൽ അതു കൊടുക്കേണ്ടിവരും.

ശ്രീ. എം. രാമുണ്ണി: 25,000 പേർക്ക് ആലുവായിൽവച്ച് പട്ടയം ഒന്നിച്ചു കൊടുക്കുന്നതിനു പകരം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വച്ച് കൊടുക്കാമായിരുന്നില്ലേ. ഈ കുടികിടപ്പുകാരായ 25,000 പേരെ ഒന്നിച്ച് വിളിച്ചു കൂട്ടാനുള്ള പ്രത്യേക കാരണമെന്താണ്?

ശ്രീ. കെ. ടി. ജേക്കബ്: 25,000 പേരെ ഒന്നിച്ചു കാണുന്നതിൽ ബുദ്ധിമുട്ടുണ്ടെങ്കിൽ ഇനി അങ്ങനെ കൂടാതെ നോക്കാം. ഇങ്ങനെ ഒന്നിച്ചുകാണുന്നത് ചിലർക്ക് ബുദ്ധിമുട്ടായിരിക്കുമെന്ന് അറിഞ്ഞിരുന്നില്ല. പ്രത്യേകം പ്രത്യേകം വിളിച്ചുകൂട്ടിക്കൊടുക്കാൻ ബുദ്ധിമുട്ടുണ്ട്. ഇതു പ്രയാസമാണെങ്കിൽ ആലോചിക്കാം.

ശ്രീ. എം. രാമുണ്ണി: ഇവരെ ആലുവാ മണൽപ്പുറത്തു വിളിച്ചുകൂട്ടുന്നതിനു പകരം മറെറവിടെയെങ്കിലും വിളിച്ചുകൂട്ടാമായിരുന്നില്ലേ. ഇത്രയും ആളുകളെ 25,000 ആളുകൾക്കു പുറമേ കൂട്ടാൻ വേണ്ടിയല്ലേ ഇതു ചെയ്തത്?

ശ്രീ. കെ. ടി. ജേക്കബ്: രണ്ടുലക്ഷത്തിൽക്കൂടുതൽ ആളുകൾ അവിടെ ഇന്നലെ കൂടി. ഇത്രയും ആളുകൾക്ക് ഒന്നിച്ചുകൂടാൻ പററിയ സ്ഥലം ആലുവാ മണൽപ്പുറമല്ലാതെ വേറെയില്ല.

ശ്രീമതി. കെ. ആർ. ഗൗരി: നിയമം നടപ്പാക്കുമ്പോൾ തലനാരിഴകീറി നോക്കാതെ നടപ്പാക്കുകയാണ് ഈ സർക്കാരിന്റെ ഉദ്ദേശമെന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ കുടികിടപ്പുകാർ അവർക്ക് അവകാശപ്പെട്ട ഭൂമി വളച്ചു കെട്ടി അനുഭവിക്കുമ്പോൾ കേസെടുക്കാൻ ഈ ഗവൺമെൻറ് എന്തുകൊണ്ട് തയ്യാറായി?

ശ്രീ. കെ. ടി. ജേക്കബ്: വളച്ചു വയ്ക്കുന്നതുകൊണ്ട് ഉടമസ്ഥത കിട്ടുന്നില്ല. കോടതിയിൽ വേലികൊണ്ടുകാണിക്കുമോ? അങ്ങനെയെവിടെ എങ്കിലും കിട്ടുമോ? ഇത്ര അബദ്ധജടിലമായ ധാരണ മാറണം. വേലി വളച്ചുകെട്ടിയാൽ അവകാശം കിട്ടുമെന്ന് ആരു പറഞ്ഞു? എവിടെ പറഞ്ഞു? ഈ പരമവിഡ്ഢിത്തം ഇനിയെങ്കിലും ഒന്നവസാനിപ്പിക്കണമെന്നാണെനിക്കു പറയാനുള്ളത്.

ശ്രീമതി കെ. ആർ. ഗൗരി: കുടികിടപ്പുകാരന്റെ കാര്യത്തിൽ മാത്രം ഇത്ര തലനാരിഴ നോക്കുകയും മിച്ചഭൂമിയുള്ള ആളുകളുടെ കാര്യത്തിൽ തലനാരിഴ നോക്കാതെ അവർക്ക് ഭൂമി കൈമാറാം ചെയ്യുന്നതിന് ഭൂ പരിഷ്ക്കരണ നിയമപ്രകാരമോ പതിച്ചുകൊടുക്കുന്ന നിയമപ്രകാരമോ അധികാരം കൊടുത്ത സർക്കാർ കൈവശാവകാശം സ്ഥാപിക്കലിൽ ഇത്ര പുച്ഛം വരാൻ എന്താണു കാരണം?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജേക്കബ്: ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് ശരിയല്ല. പതിച്ചുകൊടുത്തകാര്യത്തിലാകട്ടെ, മിച്ചഭൂമിയുടെകാര്യത്തിലാകട്ടെ ഈ ഗവൺമെൻറ് ശക്തമായ നടപടി എടുത്തുകൊണ്ടിരിക്കുകയാണ്. ഈ ആക്ട് നിലവിൽ വന്നതിൻെറ അടിസ്ഥാനത്തിൽ ഉള്ള വ്യവസ്ഥകളെ വച്ചുകൊണ്ട് ഒരൊറ്റ ആൾ പോലും യാതൊരു കാരണവശാലും ഭൂമി കൈവശം വച്ചനുഭവിക്കാനോ വിൽക്കാനോ ഈ ഗവൺമെൻറ് സമ്മതിക്കുകയില്ല. കുടികിടപ്പുകാരോടുള്ള ബഹുമാനപ്പെട്ട ഗൗരിയമ്മയുടെ പ്രേമം കടുകട്ടിയായ പ്രേമമാണെന്നേ എനിക്കു പറയാനുള്ളൂ.

ശ്രീമതി കെ. ആർ. ഗൗരി: പ്രേമം എങ്ങനെയോ ഇരിക്കട്ടെ. പ്രേമം പ്രേമം എന്നു പറയുന്ന വാക്കു വേറെയാണ്. അതിൻെറ അർത്ഥവും വേറെയാണ്. അത് ഞാൻ ഇവിടെ പറയുന്നില്ല. കുടികിടപ്പുകാരുടെ അവകാശം സ്ഥാപിച്ചെടുക്കലിൽ തലനാരിഴനോക്കുകയും അവർക്ക് കിട്ടാനുള്ള അവകാശം സ്ഥാപിച്ചെടുക്കലിൽ നിയമപ്രകാരം പ്രസിദ്ധീകരിക്കുന്ന ഫോമിൽമാത്രമേ അപേക്ഷിക്കാവൂ എന്നു റെസ്ട്രിക്ട് ചെയ്യുകയും 15 ഏക്കറിനു മുകളിലുള്ള ആളുകളുടെ കാര്യത്തിൽ പിന്തണ്ടെകാൽ ശതമാനത്തിനുമാത്രമേ കോമ്പൻസേഷൻ വാങ്ങിക്കാവൂ എന്നും റൂളിൽ ഇല്ല, നോട്ടിഫിക്കേഷനിലില്ല. അതുകൊടുക്കാതെ കുടികിടപ്പുകാരെ മാത്രം ദ്രോഹിക്കുകയും ഒരുലക്ഷത്തിൽപ്പിലാനം കുടികിടപ്പുകാരുടെ പേരിൽ ഈ ഗവൺമെൻറ് വന്നതിനുശേഷം കേസെടുക്കുകയുംചെയ്തത് രണ്ടുവിഭാഗത്തിലുള്ള ആളുകളെ പ്രത്യേകതരത്തിൽ നോക്കികാണുന്നതുകൊണ്ടല്ലേ?

ശ്രീ. കെ. ടി. ജേക്കബ്: ഒന്നാമത് ഒരുലക്ഷം പേരുടെ കാര്യത്തിൽ കേസെടുത്തിട്ടുണ്ടെന്നുള്ളത് ഞാൻ നിഷേധിക്കുന്നു. അങ്ങനെയൊരു സംഭവം ഈ രാജ്യത്തുണ്ടായിട്ടില്ല. കുടികിടപ്പുകാർക്ക് ഈ ബില്ലിൽ പറയുന്ന ആനുകൂല്യങ്ങൾ വേലിവളച്ചുകെട്ടുന്നതുകൊണ്ട് ലഭ്യമാകുന്നില്ല. അതിൻമേലുള്ള ഉടമസ്ഥത അവർക്ക് കൈമാറാം ചെയ്യാതെ എത്ര സഹായം ചെയ്തുകൊടുത്താലും അവർക്ക് ഉടമസ്ഥത ലഭിക്കുകയില്ല. അത് അവർക്ക് രജിസ്ററർ കച്ചേരിയിൽ പോയി കൈമാറാം ചെയ്യാൻസാധ്യമല്ല. അതുകൊണ്ട് അവർക്ക് ഉടമസ്ഥത കൊടുക്കുകയാണ്. അങ്ങനെ ഉടമസ്ഥത കൊടുക്കണമെങ്കിൽ ഈ നടപടിയല്ലാതെ വേറെ ഒരു മാർഗ്ഗവുമില്ല.

ശ്രീ. ഇ. എം. ജോർജ്: ഭൂപരിഷ്ക്കരണഭേദഗതിനിയമത്തിൻെറ വകുപ്പുകൾ പരാജയപ്പെടുത്താൻ ശ്രമിക്കുന്ന ഭൂപ്രഭുക്കൻമാരെ പൂജപ്പുര സെൻട്രൽ ജയിലിൽ കൊണ്ടുവന്ന് അടച്ചിടുമെന്ന് ഈ സഭയിലും കഴിഞ്ഞ സഭയിലും റവന്യൂമന്ത്രി പറഞ്ഞു. പൂജപ്പുര ജയിലിലാക്കാൻ മന്ത്രിക്ക വകാശമില്ല. അതു കോടതി തീരുമാനിക്കേണ്ടതാണ്. ഈ പ്രഭുക്കൻമാർക്കെതിരായി എന്തുചെയ്തിട്ടുണ്ടെന്നാണ് മന്ത്രി പറയുന്നത്?

ശ്രീ. കെ. ടി. ജേക്കബ്: ഒന്നാമത് തോട്ടം ഉടമസ്ഥൻമാരുടെ കൈവശമുള്ള മിച്ചഭൂമി എടുക്കുന്നതിന് ഈ ഗവൺമെൻറിനു സാങ്കേതികമായ നടപടി എടുക്കാൻ നിയമപരമായി അധികാരമില്ല. ലാൻഡ് കൺസർവൻസി ആക്ട് അനുസരിച്ചേ അതുപററുകയുള്ളൂ. അതിന് നോട്ടീസ്കൊടുക്കുകയും മറും വേണം. കുട്ടനാട്ടിലെ കായൽരാജക്കൻമാർക്കെതിരായും മലയോരപ്രദേശങ്ങളിലെ മുതലാളിമാർക്കെതിരായും ഈ ഗവൺമെൻറ് നിരവധി നോട്ടീസുകൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. നോട്ടീസിൻെറ നിയമപ്രകാരമുള്ള നടപടി കഴിഞ്ഞാൽ പിന്നെ പിടിച്ചെടുക്കും. അതിനുള്ള നടപടിക്കുതന്നെയാണ് ഈ ഗവൺമെൻറ് ഇരിക്കുന്നത്.

ശ്രീ. ഇ. എം. ജോർജ്: എന്റെ ചോദ്യം വ്യക്തമാണ്. ഇതു കൈകാര്യംചെയ്യുന്ന കോടതിയുടെ മുമ്പാകെവരുമ്പോൾ തങ്ങളുടെ വസ്തു നേരത്തേതന്നെ തോട്ടമായിരുന്നു എന്നു തെളിയിക്കാനും ഇപ്പോൾത്തന്നെ അതിനെതിരായി നിയമപരമായി എന്തെങ്കിലും ചെയ്തില്ലെങ്കിൽ കോടതി മുമ്പാകെ എങ്ങനെ ഈ കാര്യം ആലോചിക്കുമെന്നാണ് മന്ത്രി പറയുന്നത്?

ശ്രീ. കെ. ടി. ജേക്കബ്: ഇതിനെസംബന്ധിച്ച് എന്തെങ്കിലും എൻക്രോച്ചുമെന്റ് നടക്കുന്നുണ്ടെങ്കിൽ ഇതുപോലെയുള്ള തോട്ടം ഉടമകൾക്കോ മറ്റോ അധികം ഭൂമിയുണ്ടെന്നു കരുതുന്നുണ്ടെങ്കിൽ അടിയന്തിരമായി താലൂക്ക് തഹസീൽദാരുടെ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ ആ സ്ഥലം സന്ദർശിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്; അങ്ങനെ ചെയ്യുന്നുണ്ട്. സ്ഥലം പരിശോധിച്ചശേഷം അവർക്കു നോട്ടീസുകൊടുക്കുന്നുണ്ട്; നിങ്ങൾ അനധികൃതമായ ഭൂമികയ്യേറ്റത്തിൽ ഏർപ്പെട്ടിരിക്കുകയാണെന്ന്. അതിനുശേഷം കളക്ടർ നേരിട്ടു സ്ഥലം സന്ദർശിക്കുന്നുണ്ട് പരിധിനിശ്ചയിക്കുന്ന സമയത്ത് ഇതൊക്കെ രേഖകളായി ഹാജരാക്കാൻ മാത്രമാണ് ഇതു ചെയ്യുന്നത്. അങ്ങനെയുള്ള കരുതൽനടപടികൾ ഈ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. സദാശിവൻ: ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു കുടികിടപ്പുകാരെയൊന്നും പോലീസുകാർ ഇറക്കുന്നില്ല. അതിനെപ്പറ്റി യാതൊരു അറിവുമില്ല എന്ന്. പാറശ്ശാല മണ്ഡലത്തിൽ ഒരു നാഴികയ്ക്കകത്ത് മൂന്നുനാലഞ്ചു കുടികിടപ്പുകാരെ പാറശ്ശാല എസ്. ഐ. പോത്തൻ ഇറക്കിയതായി ഒന്നുരണ്ടു കേസുകൾ മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവന്നാൽ പോലീസിനെക്കൊണ്ട് അന്വേഷിപ്പിക്കാതെ മറ്റെന്തെങ്കിലും തരത്തിൽ അന്വേഷിക്കുമോ? അന്വേഷിച്ചാൽ വ്യക്തമായ തെളിവുകൾ തരാൻ തയ്യാറാണ്.

ശ്രീ. കെ. ടി. ജേക്കബ്: തീർച്ചയായിട്ടും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സംഭവത്തെപ്പറ്റി അന്വേഷിക്കാം. അതിൽ എന്തൊക്കെ ചെയ്യണമോ അതിനൊക്കെ ഗവൺമെന്റ് ഒരുക്കമാണ്.

ശ്രീ. എം. കെ. ദിവാകരൻ: ഭൂപരിഷ്ക്കരണനിയമം നടപ്പാക്കുന്നതിന് കേരളത്തിലെ പൊതുജനങ്ങളോ ഏതെങ്കിലും രാഷ്ട്രീയപാർട്ടികളോ എതിരാണോ?

ശ്രീ കെ. ടി. ജേക്കബ്: പൊതുവിൽ പറഞ്ഞാൽ കേരളത്തിലെ രണ്ടു കോടിജനങ്ങളും ഭൂപരിഷ്ക്കരണനിയമത്തിന്റെ നടത്തിപ്പിന് വളരെ അനുകൂലമായിരിക്കുകയാണ്.

ശ്രീ. എം. കെ. ജോർജ്: കുടികിടപ്പുകാരന് കുടികിടപ്പു സ്ഥലം വിലയ്ക്കു വാങ്ങാനുള്ള വകുപ്പുകളും നിയമങ്ങളും എന്തൊക്കെയാണ്? അതു കൂടാതെ ഈ നിയമത്തിന്റെ ഉള്ളിൽനിന്ന് അവകാശം നേടാതെ വളച്ചുകെട്ടുകയും കൈയേറ്റം നടത്തുകയും തേങ്ങ ഇടുകയും ചെയ്താൽ കുടികിടപ്പുകാരന് ഭൂമിയുടെ ഉടമാവകാശം ലഭിക്കുമോ?

മി. സ്പീക്കർ: ഇല്ലെന്നു പറഞ്ഞല്ലോ.

ശ്രീ കെ. ടി. ജേക്കബ്: ഇല്ലെന്നു ഞാൻ പറഞ്ഞില്ല, തേങ്ങയിട്ടാൽ തേങ്ങകിട്ടും. അല്ലാതെ ഭൂമി കിട്ടുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. കെ. ജോർജ്: ആ വകുപ്പ് എന്തൊക്കെയാണ്? എങ്ങനെയാണ് അതു വാങ്ങുന്നത്?

[ശ്രീ. കെ. ടി. ജേക്കബ്: ആദ്യമേ അപേക്ഷ കൊടുക്കണം. അതിനെ സംബന്ധിച്ച് ഒരു മഹസ്സർ തയ്യാറാക്കാൻവേണ്ടി വില്ലേജ് ഓഫീസർ വരും; പരിശോധിക്കും. അതിനുശേഷം അതിനെസംബന്ധിച്ച് സ്റ്റേറ്റ്മെൻറ് തയ്യാറാക്കും. അതു പരിശോധിച്ചശേഷം തീരുമാനിക്കും. ഉഭയസമ്മതപ്രകാരമാണെങ്കിൽ മറെറാരു പ്രകാരമാണ്.

[ശ്രീ. വി. കുട്ടിക്കൃഷ്ണൻനായർ: കഴിഞ്ഞ രണ്ടുമാസമായി മലബാർ പ്രദേശത്ത് മിച്ചഭൂമികയ്യ കൈമാറിക്കൊണ്ടിരിക്കുന്നുണ്ട്. നിയമപ്രകാരം മിച്ചഭൂമി കൈമാറ്റംചെയ്താൽ അതിനു പ്രാബല്യം ഉണ്ടായിരിക്കുകയില്ലെന്നു വ്യക്തമായി എഴുതിവച്ചിരിക്കേ പാവപ്പെട്ട ആളുകളിൽ നിന്നും രണ്ടായിരവും മൂവായിരവും പറഞ്ഞിക്കൊണ്ട് കൈമാറ്റംചെയ്യുന്നതു ക്രിമനൽ കുറ്റമായി കണ്ടോമറേറാ നടപടിനടത്തി ഇതുനിറുത്തൽ ചെയ്യുമോ?

[ശ്രീ. കെ. ടി. ജേക്കബ്: ഈ കാര്യത്തെസംബന്ധിച്ച് ഉന്നയിച്ചിട്ടുള്ള വളരെ ഗുരുതരമായ സ്ഥിതിവിശേഷത്തെസംബന്ധിച്ച് ഗവൺമെൻറ് പല സന്ദർഭങ്ങളിലായി വളരെ കൂലങ്കഷമായി, അവധാനപൂർവ്വം പരിശോധിക്കുകയുണ്ടായി. അങ്ങനെ പരിശോധിച്ചശേഷം നടപടികയ്യ എടുത്തുകൊണ്ടിരിക്കുകയാണ്. അതിനുംപുറമേ കോടതിയിൽച്ചെന്നാൽ ആരെങ്കിലും പിടിച്ച് അകത്താക്കിയാൽത്തന്നെ എന്താണെന്നാലോചിച്ചുകൊണ്ടിരിക്കുകയാണ്.

[ശ്രീ. ആർ. എസ്. ഉണ്ണി: ട്രൈപരിഷ്ക്കരണഭേദഗതി നിയമമനുസരിച്ച് നിലവിലുള്ള തോട്ടം ഉടമകയ്യക്ക് അവരുടെ തോട്ടത്തിനു അടുത്തു കിടക്കുന്ന സർക്കാർ വക ഭൂമി പതിച്ച്കിട്ടുന്നതിന് ഗവൺമെൻറിനോടാവശ്യപ്പെട്ടാൽ ഗവൺമെൻറിനു സമ്മതമാണെങ്കിൽ പതിച്ചുകൊടുക്കാൻ വ്യവസ്ഥയുണ്ട്. അങ്ങനെ ഏതെങ്കിലും തോട്ടമുടമ ഈ പുറമ്പോക്കുഭൂമി പതിച്ചുകിട്ടണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ? അങ്ങനെ ഗവൺമെൻറ് വല്ലതും പതിച്ചുകൊടുത്തിട്ടുണ്ടോ?

[ശ്രീ. കെ. ടി ജേക്കബ്: അങ്ങനെ ആരും ആവശ്യപ്പെട്ടിട്ടുള്ളതായും പതിച്ചുകൊടുത്തതായും എൻെറ ഓർമ്മയിലില്ല. എതായിരുന്നാലും ഇനി ഇങ്ങനെ ഭൂമി കൊടുക്കുകയില്ല.

[ശ്രീമതി. കെ. ആർ. ഗൗരി: കാർഷികപരിഷ്ക്കരണനിയമം നടപ്പാക്കിയതായി നോട്ടിഫിക്കേഷൻ ഇഷ്യൂചെയ്തുകഴിഞ്ഞശേഷം 117 എ വകുപ്പനുസരിച്ചു എത്ര പേരുടെ പേരിൽ ഇതിനകം കേസെടുത്തിട്ടുണ്ട്?

[ശ്രീ. കെ. ടി. ജേക്കബ്: നോട്ടീസുവേണം.

[ശ്രീ. എ. വി. ആര്യൻ: ട്രൈപരിഷ്ക്കരണനിയമം നടപ്പാക്കിയതിനെത്തുടർന്നു എത്ര കുടികിടപ്പുകാരുടെ പേരിൽ കേസെടുത്തിട്ടുണ്ടെന്നും എത്ര ജൻമിമാരുടെ പേരിൽ കേസെടുത്തിട്ടുണ്ടെന്നും പറയാമോ?

മി. സ്പീക്കർ: നോട്ടീസുവേണമെന്നു പറഞ്ഞല്ലോ.

[ശ്രീ. എ. വി. ആര്യൻ: സർ, അതു വേറെ ഒരു ചോദ്യത്തിന് ഞാൻ ചോദിച്ചതിനു, കേസെടുത്തിട്ടില്ല എന്നു പറഞ്ഞിട്ടുണ്ട്. നിരവധി കേസുകയ്യ എടുത്തിട്ടുണ്ടെന്നു ഗവൺമെൻറിനു മെമ്മോറാണ്ഡങ്ങളും പരാതികളും കിട്ടിയിട്ടുണ്ടെന്നു മുഖ്യമന്ത്രി സമ്മതിച്ചിരിക്കെ യാതൊന്നുമുണ്ടായിട്ടില്ല എന്നു പറ

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞത് ആർഡറിലാണോ? എത്ര കുടികിടപ്പുകാരുടെ പേരിൽ കേസെടുത്തിട്ടുണ്ടെന്നും എത്ര ജൻമിമാരുടെ പേരിൽ കേസെടുത്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ശ്രീ. കെ. ടി. ജേക്കബ്: ഇതു രണ്ടും നോട്ടീസുകൂടാതെ പറയാൻ നിവൃത്തിയില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഭൂപരിഷ്ക്കരണനിയമം നടപ്പിൽ വന്നശേഷം എത്ര കുടികിടപ്പുകരം കത്തിച്ചിട്ടുണ്ട്? എത്ര കുടികിടപ്പുകരം നശിപ്പിച്ചിട്ടുണ്ട്.

ശ്രീ. കെ. ടി. ജേക്കബ്: നോട്ടീസു വേണം. കുടികിടപ്പു കത്തിച്ചതായും മറ്റും ഞങ്ങരം മനസ്സിലാക്കിയിട്ടില്ല. വിവരം പൂർണ്ണമായി നൽകിയാൽ നടപടിയെടുക്കാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: നിയമപ്രകാരം ഒരാരംക്കു 10 സെൻറു ഭൂമിക്കു അവകാശമുണ്ടായിരിക്കെ ഇപ്പോരം നടക്കുന്ന 'മാമാങ്ക' ത്തിൻെറ ഭാഗമായി നടക്കുന്ന തീവ്രയത്നപരിപാടിയിലൂടെ 7 സെൻറു ഭൂമിമാത്രം കൊടുത്തുവരികയാണ് കുടികിടപ്പുകാരെ തെറ്റിദ്ധരിപ്പിച്ചു ഇങ്ങനെ 7 സെൻറു ഭൂമി മാത്രം കൊടുക്കുന്നതിനു ഉദ്യോഗസ്ഥൻമാർ നടപടിയെടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങനെ ചെയ്തതിനെതിരായി നടപടിയെടുക്കുമോ?

ശ്രീ. കെ. ടി. ജേക്കബ്: ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പല സ്ഥലത്തും ഭൂവുടമസ്ഥൻമാർ ''ഞങ്ങരം എട്ടുസെൻറു കൊടുത്തുകൊള്ളാം''. കുടികിടപ്പുകാരനു അവകാശപ്പെട്ടതു കൊടുത്തുകൊള്ളാം. എന്നൊക്കെ പറഞ്ഞുമുന്നോട്ടു വന്നിട്ടുണ്ട്. കുടികിടപ്പുകാർക്കു അവരുടെ അവകാശം അവാർഡാക്കി കൊടുക്കുമ്പോരം നിയമത്തിൽ പറയുന്ന 10 സെൻറും 3 സെൻറുമല്ലാതെ അതിൽ എന്തെങ്കിലും കൂടുതലായോ കുറവായോ കൊടുക്കുകയില്ല; കൊടുക്കാൻ നിയമം അനുവദിക്കുന്നില്ല. അല്ലാതെ യാതൊരു നടപടിയും ഈ സ്റേറേറിൽ ഉണ്ടായിട്ടില്ല. ഉണ്ടായിക്കൂടാ എന്നു കർശനമായി നിർദ്ദേശം കൊടുത്തിരുന്നു. ഏതെങ്കിലുമൊരു പ്രത്യേക ഉദ്യോഗസ്ഥൻ എവിടെയെങ്കിലും ഒരാരംക്കു കിട്ടേണ്ട 10 സെൻറിനു പകരം 7 സെൻറു കൊടുക്കാൻ നടപടിയെടുത്തിട്ടുണ്ടെങ്കിൽ അയാരംക്കെതിരായി നടപടിയെടുക്കാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അങ്ങനെ 7 സെൻറു കൊടുക്കുന്നതിനു രേഖാമൂലം സർക്കുലർ അയച്ചതായി ഉത്തരവാദപ്പെട്ടവർ ചൂണ്ടിക്കാണിച്ചാൽ അതനുസരിച്ചു നടപടിയെടുക്കുമോ?

ശ്രീ. കെ. ടി. ജേക്കബ്: തീർച്ചയായും ഉത്തരവാദപ്പെട്ടവർ വാക്കാൽ പറഞ്ഞാൽമാത്രംമതി അതിൻെറ പേരിൽ അന്വേഷിച്ചു നടപടിയെടുക്കാം.

ശ്രീ. എ. എസ്. പുരുഷോത്തമൻ: ഇപ്പോരം ആലുവായിൽവച്ചു നൽകിയിട്ടുള്ളതിൽക്കൂടുതൽ പട്ടയം നൽകിയിട്ടുള്ളതു ജനുവരി 5-ാം തീയതി ഭൂവുടമസ്ഥൻമാരും സമരസമിതിയുമായി ഉണ്ടായ ഒത്തു തീർപ്പിൻെറ അടിസ്ഥാനത്തിലാണെന്നുള്ളതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? സമരസമിതി ഗവൺമെൻറിനോടു സഹായമാവശ്യപ്പെട്ടിട്ടു ഒരു മാസം കഴിഞ്ഞിട്ടും കിട്ടിയിട്ടില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? സമരസമിതിയും ഭൂവുടമസ്ഥൻമാരുമായി അനേകം ഒത്തുതീർപ്പുകരം ഉണ്ടാക്കിയതിൻെറ അടിസ്ഥാനത്തിൽ ഇപ്പോരം ആലുവായിൽ കൊടുത്തിട്ടുള്ളതിനേക്കാരം കൂടുതൽ പട്ടയം കൊടുത്തിട്ടുണ്ടെന്നുള്ളതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ടി. ജേക്കബ്: മനസ്സിലായിട്ടില്ല. അങ്ങനെയുള്ള പരിശ്രമങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അതു വളരെ സഹായകരമാണ്. മേലിലും കുടികിടപ്പുകാർക്കു അവകാശങ്ങൾ വാങ്ങിക്കൊടുക്കുന്ന കാര്യത്തിൽ അതുപോലെ സഹകരിക്കണമെന്നാണ് എനിക്കു അഭ്യർത്ഥിക്കാനുള്ളത്.

[ശ്രീ. എ. എസ്. പുരുഷോത്തമൻ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് ആലുവായിൽവച്ചു ഇന്നലെ 25,000 കുടികിടപ്പുകാർക്കു പട്ടയം നൽകിയെന്നാണ്. 25,000—ത്തിനുപകരം 10,000 പേർക്കുപോലും നൽകിയിട്ടില്ല എന്നു മന്ത്രിയെ വെല്ലുവിളിച്ചുകൊണ്ടു ഞാൻ പറയുകയാണ്. അതിനെക്കുറിച്ചു അന്വേഷിക്കാൻ തയ്യാറാണോ?

[ശ്രീ. കെ. ടി. ജേക്കബ്: അതിൽ തർക്കമുണ്ടോകേണ്ട കാര്യമില്ല. അതിലധികം ആളുകൾക്കു കൊടുക്കാൻ പരിപാടിയുണ്ട്. അതു 24,999 ആണോ 25,001 ആണോ എന്നുള്ള തർക്കത്തിനൊന്നും ഇവിടെ വലിയ പ്രസക്തി ഞങ്ങൾ കാണുന്നില്ല.

[ശ്രീ. ഇ. ടി. കുഞ്ഞൻ: ഭൂപരിഷ്ക്കരണനിയമത്തിൽ കുടുകിടപ്പുകാർക്കു 10 സെൻറു കൊടുക്കണമെന്നും കുടികിടപ്പുകാരെ ഒഴിപ്പിക്കാൻ പാടില്ലെന്നും നിയമമുണ്ടായിരിക്കെ അതിനു വിപരീതമായി ഇപ്പോഴും കുടികിടപ്പുകാർക്കെതിരായി എടുത്തിട്ടുള്ള കേസുകൾ പിൻവലിക്കാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

[ശ്രീ. കെ. ടി. ജേക്കബ്: കേസു പിൻവലിക്കുന്ന കാര്യത്തിൽ ഹോം മിനിസ്റ്ററാണ് പറയേണ്ടത്. എനിക്ക് അതിനെപ്പറ്റി ഒന്നും പറയാൻ നിവൃത്തിയില്ല. തീർച്ചയായും കുടികിടപ്പുകാരുടെ പേരിൽ കേസുകൾ മുന്നോട്ടുകൊണ്ടുപോകണമെന്നു ഗവൺമെൻറിനു ആഗ്രഹമില്ല. പരിഗണനാർഹമാണെങ്കിൽ കേസുകൾ പിൻവലിക്കുന്ന കാര്യം ആലോചിക്കാം.

[ശ്രീ. ടി. എം. മീതിയൻ: കുടികിടപ്പുകാരെ കബളിപ്പിച്ചു അവരുടെ അവകാശം കൈമാറ്റംചെയ്യിക്കുന്ന നടപടി നടന്നു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇന്നു അവർ കൈവശംവച്ചു കൃഷിചെയ്തുവരുന്ന സ്ഥലങ്ങളിൽനിന്നു പല സ്ഥലത്തും കുടികിടപ്പു രജിസ്റ്റർ ചെയ്താൽ എന്തോ നഷ്ടം വരുമെന്നു വില്ലേജ്മാൻമാർ തെറ്റിദ്ധരിപ്പിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? കൂത്താട്ടുകുളത്തു ഇങ്ങനെ കുടികിടപ്പുകാരെ കബളിപ്പിക്കുന്നതായി അറിയാമോ?

[ശ്രീ. കെ. ടി. ജേക്കബ്: അങ്ങനെയൊന്നും ഉണ്ടായതായി അറിവില്ല. നമ്മുടെ രാജ്യത്തു കുടികിടപ്പുകാർ സംഘടിതരാണ്, രാഷ്ട്രീയ ബോധമുള്ളവരാണ്. അവരുടെ അവകാശങ്ങൾ പറഞ്ഞിച്ചെടുക്കാൻസാധിക്കുകയില്ല. ഏതെങ്കിലും വില്ലേജുമാൻ അങ്ങനെ ചെയ്തിട്ടുണ്ടോ എന്നു അന്വേഷിക്കാം. ഏതായാലും കുടികിടപ്പുകാരുടെ അവകാശങ്ങൾ ഇത്തരത്തിൽ നഷ്ടപ്പെടുത്താൻസാധിക്കുകയില്ല.

[ശ്രീ. പി. കെ. രാഘവൻ: സംസ്ഥാനത്തു വേലിപത്തൽ കെട്ടിയെടുത്താൽ അവകാശം സ്ഥാപിച്ചുകൊടുക്കാമെന്നും, സംരക്ഷണം കൊടുക്കാമെന്നും പറയുകയും ആഹ്വാനം ചെയ്യുകയും ചെയ്തിരുന്ന മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ശൂരനാട്ടു തെക്കുംഘടകത്തിൽ ഒരു മാർക്സിസ്റ്റു ഭൂവുടമയുടെ വസ്തുവിൽ താമസിച്ചിരുന്ന ഒരു മാർക്സിസ്റ്റുകാരനായ കുടികിടപ്പുകാരനെ ഒഴിപ്പിക്കുകയും പോലീസു ഇടപെട്ടു വീണ്ടും തിരിച്ചു കെട്ടി അവകാശം സ്ഥാപിച്ചുകൊടുത്തതായും അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജേക്കബ്: ഇല്ല.

ശ്രീ. എം. കെ. ദിവാകരൻ: കുടികിടപ്പുകാരനു മാർക്കറ്റു വിലയുടെ പതിനഞ്ചര ശതമാനം കൊടുക്കണമെന്നുള്ള വ്യവസ്ഥ കൊണ്ടു വന്നതു അച്യുതമേനോൻ ഗവൺമെൻറാണെന്നു ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടി പ്രചരണം നടത്തിയതായി അറിയാമോ?

ശ്രീ. കെ. ടി. ജേക്കബ്: ഇല്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇരുപത്തിയയ്യായിരം കുടികിടപ്പുകാർക്കു ഇരുപത്തിയയ്യായിരം പട്ടയം കൊടുക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് എന്നിട്ടു ഇപ്പോഴും പത്രത്തിൽ കണ്ടതു പത്തു പതിനയ്യായിരം പേർക്കു, പുറമ്പോക്കു കൈവശക്കാർക്കു പട്ടയം വിതരണം നടത്തുന്നതിനുള്ള ഉൽഘാടനം എന്നാണ്. ഇതിൽ ഇരുപത്തിയയ്യായിരം കുടികിടപ്പുകാർക്ക് പട്ടയം കൊടുക്കുമെന്നു പറഞ്ഞതാണോ ശരി, അതോ പത്രത്തിൽ കണ്ടതാണോ ശരി?

ശ്രീ. കെ. ടി. ജേക്കബ്: ഇരുപത്തിയയ്യായിരം എന്ന ഫിഗർ എന്നുള്ളതിൽ ബുദ്ധിമുട്ടു തോന്നുന്നുവെങ്കിൽ അതിനി പറയാതിരിക്കാം. നമ്മൾ തമ്മിലുള്ള കണക്കിൻെറ തർക്കം ഇവിടെവച്ചു പറയുന്നതു ശരിയായിരിക്കുകയില്ല. ഇതു കൈകാര്യം ചെയ്യുന്നവരുമായി പറഞ്ഞാലേ ശരിയാകുകയുള്ളൂ.

ശ്രീ. എം. കെ. എ. ഹമീദ്: ആലുവായിൽ വച്ചു പട്ടയദാന സമ്മേളനം നടത്തുകയുണ്ടായതിൽ ആലുവാ എം. എൽ. എ. അതിൽ ക്ഷണിക്കാത്തതു എന്തുകൊണ്ടാണ്?

ശ്രീ. കെ. ടി. ജേക്കബ്: എല്ലാ എം എൽ. എ. മാർക്കും എൻെറ കൈകൊണ്ടാണ് എഴുത്തു എഴുതി അയച്ചത്. എല്ലാവരേയും ക്ഷണിച്ചിട്ടുണ്ടായിരുന്നു. ഇനി ആർക്കെങ്കിലും എഴുത്തു കിട്ടാതെയിരുന്നിട്ടുണ്ടോ എന്നറിഞ്ഞുകൂടാ.

ശ്രീ. എം. കെ. എ. ഹമീദ്: കത്ത് കിട്ടാത്തതുകൊണ്ടാണ് പറഞ്ഞത്. അങ്ങനെ വിളിക്കാതിരുന്നതിൻെറ കാരണം എന്താണ്?

ശ്രീ. കെ. ടി. ജേക്കബ്: എല്ലാവരേയും അറിയിച്ചിരുന്നു. മാത്രമല്ല ശ്രീ. ഹമീദിനെപ്പോലെയുള്ളവർ ഈ സന്ദർഭത്തിൽ വരണമെന്നുള്ള വലിയ താൽപര്യവും ഉണ്ടായിരുന്നു.

മി. സ്പീക്കർ: ഈ ചോദ്യം തുടങ്ങിയിട്ടു 45 മിനിറ്റോളമായി. ഇനിയും പല ബഹുമാനപ്പെട്ട മെമ്പറൻമാരും ചോദ്യങ്ങൾ ചോദിക്കാൻ എഴുന്നേറ്റുനിൽക്കുകയാണ്. ഇങ്ങനെയായാൽ എന്തു ചെയ്യും ?

ശ്രീ. കെ. കരുണാകരൻ: സർ, മുമ്പു പല ദിവസങ്ങളിലും ചോദിച്ച ചോദ്യങ്ങൾ വീണ്ടും ആവർത്തിക്കുകയാണ്.

ശ്രീ. എം. സദാശിവൻ: ഇരുപത്തിയയ്യായിരം കുടികിടപ്പുകാർക്കു 25,000 പട്ടയം കൊടുക്കുമെന്നു പറഞ്ഞു. അങ്ങിനെയാണെങ്കിൽ ഒരു മിനിറ്റു വച്ചു ഒരു പട്ടയം കൊടുക്കണമെങ്കിൽ തന്നെ പത്തൊൻപതു ദിവസം വേണം. ഇങ്ങനെ കൊടുക്കുന്നതിനു സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജേക്കബ്: ഒരാളല്ല കൊടുക്കുന്നത് ബൂത്തുകമ്മ ഇതിനു വേണ്ടി തയ്യാറാക്കിയിരിക്കുകയാണ്. വളരെ നല്ല ഏർപ്പാടുകളാണ് ചെയ്തിട്ടുള്ളത്. ഇലക്ട്രിസിറ്റിയുടെ വേഗത്തിലാണ് നടത്തുന്നത്.—എല്ലാം ഒരാളല്ല ചെയ്യുന്നത്. പലരുമായിട്ടാണ് ചെയ്യുക. അതൊന്നും കണ്ടിട്ടില്ലെങ്കിൽ ഒന്നു വന്നു കാണേണ്ടതാണ്.

ശ്രീ. എം. സദാശിവൻ: ആ യന്ത്രം എന്താണെന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: അതിനുത്തരം പറയേണ്ട. അടുത്ത ചോദ്യത്തിലേക്കു കടക്കാം. 532 നേരത്തെ ഉത്തരം പറഞ്ഞിട്ടുള്ളതാണ്. അതുകൊണ്ടു 533-നുള്ള ഉത്തരം പറയാം.

ശ്രീ. കെ. കരുണാകരൻ: സർ, 532-ൽ 'സി'യ്ക്കും 'ഡി' യ്ക്കും ഉത്തരം പറഞ്ഞിട്ടില്ല. അതിനുള്ള ഉത്തരം കൂടി പറഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: എന്നാൽ 'സി'യ്ക്കും 'ഡിയ്ക്കും' ഉത്തരം പറയണം.

എൻ.ജി. ഒ. പണിമുടക്ക്

* 151 [532] ശ്രീ. പി. എസ്. നമ്പൂതിരി:
,, ടി. എ. മജീദ്:
,, പി. സ്. ശ്രീനിവാസൻ:
,, കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്:
,, ഇ. അഹമ്മദ്:
,, ജി. ഗോപിനാഥൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഫെബ്രുവരിമാസം 13-ാം തീയതി എൻ. ജി. ഒ. യൂണിയൻ ജനറൽ സെക്രട്ടറിയുടെ പണിമുടക്കാഹ്വാനത്തെ തുടർന്നു എത്ര എൻ. ജി. ഒ. മാർ ഓരോ ജില്ലയിലും പണിമുടക്കി;

(ബി) പണിമുടക്കിനു പ്രത്യേക കാരണം വല്ലതും ഉണ്ടായിരുന്നോ;

(സി) പണിമുടക്കിനാഹ്വാനം ചെയ്ത സെക്രട്ടറിയുൾപ്പെടെ പണിമുടക്കിയവരുടെ പേരിൽ കർശന നടപടി എടുക്കുമോ;

(ഡി) സംസ്ഥാനത്തുള്ള ആകെ എൻ. ജി. ഒ. മാർ എത്ര?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(സി) തക്കതായ ശിക്ഷണനടപടികളും എടുക്കാൻ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റു അധികാരികൾക്കു ഗവൺമെന്റു നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നിലവിലുള്ള ചട്ടങ്ങളനുസരിച്ചു ഉദ്യോഗസ്ഥൻമാരെ ഗസറ്റഡായും നോൺഗസറ്റഡായും തരം തിരിക്കുന്ന രീതി ആരംഭിച്ചിട്ടുണ്ട്. 1970-71-ലെ ബഡ്ജറ്റു പ്രകാരം പഴയ നോൺ ഗസറ്റഡ് തസ്തികയിൽ 1,78,448 പേർ ജോലിനോക്കുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.

ശ്രീ. ടി. എ. മജീദ്: 1968 ജൂലൈ 24-ാം തീയതി എൻ. ജി. ഒ. മാർ കൂട്ടകാഷ്വൽ ലീവെടുത്തു പണിമുടക്കു നടത്തിയപ്പോൾ സർവ്വീസിനു ബ്രേക്കു വരുത്തുക തുടങ്ങിയ നടപടികളും എടുക്കുമെന്നു ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടു മുഖ്യമന്ത്രിയായിരുന്നപ്പോൾ പുറപ്പെടുവിച്ച ഉത്തരവു ഇപ്പോഴും നിലവിലുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly